**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
(അവതരണം : **മുരളി എസ്.**)

നം.DIC/13097/2018-EC1 തീയതി : 01/07/2020

വിഷയം:-വ്യവസായവകുപ്പ്- ജീവനക്കാര്യം- സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിലെ 2020 വർഷത്തെ പൊതുസ്ഥല മാറ്റം- സംബന്ധിച്ച്-

പരാമർശം:-25.02.2017 -ലെ സ.ഉ.(പി) 3/2017 ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

മേൽ പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്റ്റേഷനിൽ തുടർച്ചയായി മൂന്ന് വർഷക്കാലം പൂർത്തിയായവരെയാണ് പൊതുസ്ഥലമാറ്റത്തിന് പരിഗണിക്കുന്നത്. വ്യവസായ വാണിജ്യ വകുപ്പിലെ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിലെ 2020 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായി ഈ വകുപ്പിലെ ജീവനക്കാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ചതിൽ , സൂചനയിലെ പൊതുസ്ഥലംമാറ്റ ഉത്തരവിലെ മാനദണ്ഡപ്രകാരം അർഹത ഇല്ലാത്തതിനാലും , പൊതുസ്ഥലംമാറ്റം ആവശ്യപ്പെട്ടുള്ള സ്റ്റേഷനിൽ /ഓഫീസുകളിൽ ഒഴിവുകൾ ഇല്ലാത്തതിനാലും , മൂന്ന് വർഷത്തിന് മുകളിൽ ജോലി നോക്കുന്ന ജീവനക്കാർ സ്ഥലംമാറ്റപ്പെടുന്നതിനായി ആവശ്യപ്പെടാത്തതിനാലും , മേൽ അപേക്ഷകൾ പരിഗണിച്ചെങ്കിലും അർഹരായവർ ഇല്ല എന്ന് കണ്ടെത്തി ഇതിനാൽ ഉത്തരവാകുന്നു .

നിയന്ത്രണാധികാരി ബന്ധപ്പെട്ട ജീവനക്കാരെ മേൽ വിവരം അറിയിക്കേണ്ടതാണ്.

**ഒപ്പ്/-**
**മുരളി എസ്.**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-1. ഡയറക്ടർ,കയർ വികസന ഡയറക്ടറേറ്,തിരുവനന്തപുരം
2. ഡയറക്ടർ,കൈത്തറി& ടെക്സ്റ്റയിൽസ്, തിരുവനന്തപുരം
3. എല്ലാ ജനറൽ മാനേജർക്കും
4. എല്ലാ പ്രോജക്ട് ഓഫീസർക്കും

5. സൂക്ഷിപ്പ് ഫയൽ/അധിക പകർപ്പ്.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്